(എ) വനം സംരക്ഷണത്തിനായി ലോകബാങ്ക് സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ വനമേഖലയിലെ ഏതെല്ലാം ഭാഗങ്ങളിലാണ് വനസംരക്ഷണ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വനസംരക്ഷണം ഉറപ്പുവരുത്തുന്നതിനും ആദിവാസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അവർക്ക് ബോധവൽക്കരണം നടത്തുന്നതിനും ലോകബാങ്കിന്റെ നേതൃത്വത്തിൽ പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി നടപ്പാക്കുന്നതിനായി സന്നദ്ധസംഘടനകളുടെ സഹായത്തോടെ ബോധവൽക്കരണ പരിപാടി ആവിഷ്ക്കരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. സി.കെ. നാണു):

(എ) ലോകബാങ്ക് സഹായത്തോടെ താഴെപ്പറയുന്ന രണ്ടു പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. സമഗ്രവനവികസനവും വനസംരക്ഷണവും ഉദ്ദേശിച്ചുകൊണ്ട് 1998-99 മുതൽ നാലു വർഷംകൊണ്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണ്. കേരള ഫോറസ്ട്രി പ്രോജക്ട്. ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 182.39 കോടി രൂപയാണ്. ഇതിൽ 152.1 കോടി രൂപ ലോകബാങ്ക് സഹായമാക്കി ലഭിക്കുന്നതാണ്.

2. 1996 മുതൽ അഞ്ചു വർഷം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 40.34 കോടി രൂപയുടെ 'ഇൻഡ്യാഇക്കോഡവലപ്പ്മെന്റ്' പദ്ധതി.

(ബി) സംസ്ഥാനത്തെ എല്ലാ വനമേഖലകളിലും കേരളാ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇൻഡ്യാ ഇക്കോ ഡെവലപ്പ്മെൻറ് പദ്ധതി പ്രോജക്ട് ടൈഗർ റിസർവ്ഡ് തേക്കടിയിലാണ് നടപ്പിലാക്കുന്നത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പൊതുജനങ്ങൾക്ക് വനസംരക്ഷണം ജൈവവൈവിദ്ധ്യ സംരക്ഷണം എന്നിവയെപ്പറ്റി വനവൽക്കരണം നൽകുന്നതിനായി സന്നദ്ധസംഘടനകളുടെ സഹായത്തോടെ ബോധവൽക്കരണ പരിപാടികൾ ഇപ്പോൾതന്നെ നടപ്പിലാക്കുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (311) റവന്യൂ കമ്മി നികത്താൻ നടപടി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. വി. ബാലറാം :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ള റവന്യൂ കമ്മി എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലും 1999-2000 വർഷം ഇതുവരെയും ഉണ്ടായിട്ടുള്ള റവന്യൂ കമ്മി എത്ര വീതമെന്നു വെളിപ്പെടുത്തുമോ;

(സി) റവന്യൂ കമ്മി വർദ്ധിച്ചു വരുവാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുവാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 402.81 കോടി രൂപ

(1996 ഏപ്രിൽ 1 ന്)

(ബി)

വർഷം	കമ്മി (കോടി രൂപ)
1996-97	643.03
1997-98	1122.91
1998-99	2029.96
1999-2000	1545.19

(നവംബർ 99 വരെയുള്ള താൽക്കാലിക കണക്കുപ്രകാരം)

(സി) രാജ്യത്താകമാനം അനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യം മൂലം റവന്യൂ വരവിലുണ്ടായ കുറവും സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കിയ ശംബളം, പെൻഷൻ പരിഷ്കരണവും റവന്യൂ കമ്മി വർദ്ധിക്കുന്നതിനിടയാക്കി. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ആവിർഭാവത്തോടുകൂടി, മുൻകാലങ്ങളിൽ മൂലധന ചെലവായി കണക്കാക്കിയിരുന്ന ചെലവുകളിൽ ഒരു ഭാഗം റവന്യൂ ചെലവായി കണക്കാക്കുന്നതും റവന്യൂ കമ്മി വർദ്ധിക്കുന്നതിന് കാരണമാണ്.

(ഡി) റവന്യൂ കമ്മി പരമാവധി കുറയ്ക്കുന്നതിനുവേണ്ടി നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമുള്ള വിവിധ നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. വില്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും വിവിധ വകുപ്പുകളിലെ നികുതിയിതര വരുമാനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യയനിയന്ത്രണം കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി നേരത്തെയുണ്ടായിരുന്ന നിയന്ത്രണങ്ങൾക്കു പുറമെ കുറെക്കൂടി കർശനമായ നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്

2 (312) വിൽപ്പന നികുതി പിരിവ്

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 സാമ്പത്തികവർഷത്തിൽ വിൽപ്പനനികുതി ഇനത്തിൽ എത്ര ലക്ഷം രൂപ പിരിച്ചെടുക്കാനാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നത്;

(ബി) ഇതിൽ നാളിതുവരെ എത്ര തുക പിരിച്ചെടുത്തു;

LIBRARY ARCHIVES Kerala Legislative Assembly